# ദൈവീക ചിന്തകളാൽ നിറയുക

## ഫിലിപ്പിയർ 4:8

**"ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽകീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ"**

നാം ചിന്തിക്കേണ്ടതും ചിന്തിക്കരുതാത്തതുമായ കാര്യങ്ങളെക്കുറിച്ച് തിരുവചനം ചില മാർഗ്ഗനിർദ്ദേശങ്ങൾ നമുക്ക് നൽകുന്നുണ്ട്. ദൈവവചനപ്രകാരം നാം ചിന്തിക്കുവാനായി പറയുന്ന ഒരു കൂട്ടം കാര്യങ്ങൾ എന്തൊക്കെയാണെന്ന് മേൽ വായിച്ച വാക്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അത്, സത്യമായതും, ഘനമായതും, നീതിയായതും, നിർമ്മലമായതും, രമ്യമായതും, സൽകീർത്തിയായതും, സൽഗുണമായതും, പുകഴ്ചയായതും ഒക്കെ ചിന്തിച്ചുകൊൾവാൻ വചനം നമ്മോട് ആഹ്വാനം ചെയ്യുന്നു. അതു പോലെ തന്നെ നാം ചിന്തിക്കരുത് എന്നു ദൈവം പറയുന്ന ചില കാര്യങ്ങളിൽ ഒന്നാണ് മത്തായി 6:34 ൽ കാണുന്നത്, അതിപ്രകാരമാണ്, 'അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന്നു അന്നന്നത്തെ ദോഷം മതി.'

പ്രിയരേ, വിചാരപ്പെടുന്നതിലേക്ക് നമ്മെക്കൊണ്ടെത്തിക്കുന്ന നാളെയെക്കുറിച്ച് നാം ചിന്തിക്കരുത്. പ്രശ്നങ്ങളില്ലാത്ത ഒരിന്നും, നാളെയും നമുക്കുണ്ടാകണമെന്നില്ല. പ്രശ്നങ്ങൾ വിവിധ നിലയിലും, അളവുകളിലുമായി നമ്മുടെ ഇന്നുകളിലും നാളെകളിലും കടന്നു വരും. ഇന്നു നാം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ യേശു കർത്താവിൽ ആശ്രയിച്ചുകൊണ്ട് സധൈര്യം നേരിടുക എന്നതാണ് അടിസ്ഥാനപരമായി നാം ചെയ്യേണ്ടുന്ന കാര്യം. നാളത്തെ ദിവസം എന്തുമായിക്കൊള്ളട്ടെ; അവയെക്കുറിച്ച് നാം ചിന്തിച്ചു കൊണ്ടിരുന്നാൽ ഇന്നു നാം കർമ്മനിരതരാകേണ്ടിടത്ത് ദുർബ്ബലരായിപ്പോകും. ആയതിനാൽ ദൈവം നമ്മോട് ചിന്തിക്കുവാനായി ഫിലിപ്പിയർ 4:8 ൽ ആവശ്യപ്പെട്ട കാര്യങ്ങളിൽ ഇന്ന് നമ്മുടെ മുഴുവൻ ശ്രദ്ധയും തിരിക്കുന്നുവെങ്കിൽ നാളെയെക്കുറിച്ചുള്ള ചിന്ത നമ്മെ അലട്ടുകയില്ല.

ഫിലിപ്പിയ ലേഖനം അദ്ധ്യായം 4 ൽ, ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതെന്ന് പൗലോസ് പറയുന്ന ഭാഗത്ത്, പിന്നെ എന്താണ് നാം ചെയ്യേണ്ടതെന്ന് പറയുന്നത് ശ്രദ്ധിക്കുക. 2 കാര്യങ്ങളാണ് പ്രധാനമായും ഇവിടെ കാണുന്നത്. ഒന്നാമതായി, 'എല്ലാറ്റിനു വേണ്ടിയും പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുക' (ഫിലിപ്പിയർ 4:6). പ്രാർത്ഥനകളും അപേക്ഷകളും കാര്യങ്ങളെ വ്യത്യാസപ്പെടുത്തും, അസാദ്ധ്യങ്ങളെ സാധ്യമാക്കിത്തീർക്കും.

നമുക്കും ദേശങ്ങൾക്കും സൗഖ്യം ലഭിക്കുവാൻ പ്രാർത്ഥന മൂലം ഇടയായിത്തീരും. അതുകൊണ്ട് ഏതു സമയത്തും പ്രാർത്ഥിക്കുക, ഇടവിടാതെ പ്രാർത്ഥിക്കുക, പാപങ്ങളെ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുക, ദേശങ്ങൾക്കുവേണ്ടി ഇടുവിൽ നിന്ന് പ്രർത്ഥിക്കുക. രണ്ടാമതായി പറയുന്നു, 'എല്ലാറ്റിന്നു വേണ്ടി ദൈവത്തോട് നന്ദി പറയുക'. പ്രിയ ദൈവപൈതലേ, നിത്യനാശത്തിലേക്ക് നടന്നു നീങ്ങിക്കൊണ്ടിരുന്ന നമ്മെ ഓരോരുത്തരെയും കരം പിടിച്ചുയർത്തി നിത്യജീവങ്കലേക്ക് നയിച്ച ആ വലിയ വിടുതൽ ഓർത്താൽ മതിയാകും ദൈവത്തിന്നു നന്ദി പറയുന്നതിൽ നാം തിരക്കുള്ളവരായിത്തീരാൻ. അതേ, സ്തുതിയോടും, സ്തോത്രത്തോടും കൂടെ നാം ദൈവസന്നിധിയിലേക്ക് കടന്നു വരുമ്പോൾ അവൻ ശക്തിയോടെ നമ്മുടെ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു. ഇന്നത്തെ നമ്മുടെ എല്ലാ പ്രശനങ്ങളേയും നേരിടുവാൻ അവൻ നമുക്ക് ബലം നൽകുന്നു.

ആയതിനാൽ, ഇന്നലെ നമ്മിൽ നിന്നും കഴിഞ്ഞു പോയി, നാളെ ഒരുപക്ഷെ നമ്മുടേതായിരിക്കണമെന്നില്ല, എന്നാൽ ഇന്ന് എന്നത് ദൈവത്തിന്റെ ഒരു ദാനമാണ്. അവനിൽ പരിപൂർണ്ണമായി വിശ്വസിച്ച്, അവൻ നൽകിത്തരുന്ന അനുഗ്രഹങ്ങളാൽ നമുക്കത് ജീവിതാന്ത്യത്തോളം ആസ്വദിക്കാം. അവൻ ഇന്നലെയും, ഇന്നും, എന്നേക്കും അനന്യൻ ആയ ദൈവമാണ്. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

യാക്കോബ് 4:13–15

ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ: നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ, നിങ്ങളുടെ ജീവൻ എങ്ങിനെയുള്ളതു? അൽപനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞിരിക്കുന്നതുമായ ആവിയല്ലോ. കർത്താവിന്നു ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നതു ചെയ്യും എന്നല്ലയോ പറയേണ്ടതു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 161